**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **29-01-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളിൽ എം.പി.മാരുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എം.പി.മാരുടെ എത്ര യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ എം.പി.മാരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള സഹകരണം സംബന്ധിച്ചും വ്യക്തമാക്കാമോ; | (എ) | പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനം, മൺസൂൺ സമ്മേളനം, ശീതകാല സമ്മേളനം എന്നിവയ്ക്കു മുന്നോടിയായി 7 യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ എം.പി.മാരുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി കേന്ദ്ര സർക്കാരിൽ എം.പി.മാർ വേണ്ടത്ര സമ്മർദ്ദം ചെലുത്തണമെന്നും സുപ്രധാന വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കണമെന്നും പ്രസ്തുത യോഗ ങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ട ആനുകൂല്യ ങ്ങളും പദ്ധതികളും നേടിയെടുക്കുന്നതിൽ എം.പി.മാർ നടത്തുന്ന ഇടപെടലുകൾ ഗുണകരമാണോ എന്ന് വിലയിരുത്തിയിട്ടില്ല. |
| (ബി) | കേന്ദ്രസർക്കാർ കേരളത്തോട് ആവർത്തിച്ച് പിൻതുടരുന്നതായി പറയപ്പെടുന്ന ജനാധിപത്യ വിരുദ്ധവും ഫെഡറലിസത്തിനെതിരുമായ നടപടികൾ ഇന്ത്യൻ പാർലമെന്റിൽ ഉന്നയിക്കുന്നതിലും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലും സംസ്ഥാനത്തെ എം.പി.മാരുടെ ഇടപെടൽ എത്രമാത്രം ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനം, മൺസൂൺ സമ്മേളനം, ശീതകാല സമ്മേളനം എന്നിവയ്ക്കു മുന്നോടിയായി 7 യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ എം.പി.മാരുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി കേന്ദ്ര സർക്കാരിൽ എം.പി.മാർ വേണ്ടത്ര സമ്മർദ്ദം ചെലുത്തണമെന്നും |

| | | | |
|---|---|---|---|
| | | | സുപ്രധാന വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കണമെന്നും പ്രസ്തുത യോഗങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ട ആനുകൂല്യ ങ്ങളും പദ്ധതികളും നേടിയെടുക്കുന്നതിൽ എം.പി.മാർ നടത്തുന്ന ഇടപെടലുകൾ ഗുണകരമാണോ എന്ന് വിലയിരുത്തി യിട്ടില്ല. |
| (സി) | എം.പി.മാർ പാർലമെന്റിലും മറ്റും നടത്തിയിട്ടുള്ള ഇടപെടലുകളുടെ ഫലമായി സംസ്ഥാനത്തിന് ഏതെല്ലാം വൻകിട പദ്ധതികൾക്ക് അനുമതി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ? | (സി) | പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനം, മൺസൂൺ സമ്മേളനം, ശീതകാല സമ്മേളനം എന്നിവയ്ക്കു മുന്നോടിയായി 7 യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ എം.പി.മാരുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി കേന്ദ്ര സർക്കാരിൽ എം.പി.മാർ വേണ്ടത്ര സമ്മർദ്ദം ചെലുത്തണമെന്നും സുപ്രധാന വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കണമെന്നും പ്രസ്തുത യോഗ ങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ട ആനുകൂല്യ ങ്ങളും പദ്ധതികളും നേടിയെടുക്കുന്നതിൽ എം.പി.മാർ നടത്തുന്ന ഇടപെടലുകൾ ഗുണകരമാണോ എന്ന് വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ